REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 15-05-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നക്സലിസത്തിനെതിരായ പ്രചാരണം ശരിയായ ദിശയിലേക്ക് നീങ്ങുകയാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.**
- **മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാ തല അവലോകനയോഗം രാവിലെ തിരുവനന്തപുരത്ത്.**
- **ഇന്ന് ലോക കുടുംബ ദിനം.**
- **ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് ഇന്ന് ബിഹാറിൽ സമാപിക്കും. മുന്നിൽ മഹാരാഷ്ട്ര.**

## വാർത്തകൾ വിശദമായി

നക്സലിസത്തെ വേരോടെ പിഴുതെറിയാൻ ലക്ഷ്യമിടുന്ന പ്രചാരണം ശരിയായ ദിശയിലേക്ക് നീങ്ങുന്നു എന്നതിന്റെ തെളിവാണ് സുരക്ഷാസേനയുടെ വിജയമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. നക്സൽബാധിത പ്രദേശങ്ങളിൽ സമാധാനം സ്ഥാപിച്ച് അവരെ വികസനത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിന് കേന്ദ്ര ഗവണ്മെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് ആഭ്യന്തരമന്ത്രി അമിത് ഷായുടെ സാമൂഹിക മാധ്യമ പോസ്റ്റ് പങ്കുവെച്ച പ്രധാനമന്ത്രി വ്യക്തമാക്കി.

✪✪✪

മുഖ്യമന്ത്രി പിണറായി വിജയൻ പങ്കെടുക്കുന്ന തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട ജില്ലകളുടെ മേഖലാ തല അവലോകനയോഗം രാവിലെ തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ ആരംഭിക്കും. മന്ത്രിമാർ, ചീഫ് സെക്രട്ടറി, വകുപ്പ് സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുക്കും.

✪✪✪

സംസ്ഥാനം സമസ്ത മേഖലയിലും സമഗ്ര വികസനം സാധ്യമാക്കിയതായി മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സംസ്ഥാന ഗവണ്മെന്റിന്റെ നാലാം വാർഷികാഘോഷങ്ങളുടെ ഭാഗമായി തൃശ്ശൂർ ജില്ലാതല യോഗം ഇന്നലെ ഉദ്ഘാടനം ചെയ്യുകയായിരുന്നു മുഖ്യമന്ത്രി. നാടിന്റെ മുന്നേറ്റവും വികസനങ്ങളും കൂടുതൽ ശ്രദ്ധകൊടുക്കേണ്ട വിഷയങ്ങളും സമൂഹത്തിലെ വിവിധ മേഖലകളിലെ പ്രതിനിധികൾ മുഖ്യമന്ത്രിക്ക് മുമ്പിൽ അവതരിപ്പിച്ചു.

ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകത്തിന് ഈ മാസം 27 ന് തറക്കല്ലിടുമെന്നും മുഖ്യമന്ത്രി അറിയിച്ചു. യോഗത്തിൽ കലാഭവൻ മണിയുടെ സഹോദരൻ ഡോ. RLV രാമകൃഷ്ണന്റെ ചോദ്യത്തിന് മറുപടി നൽകുകയായിരുന്നു മുഖ്യമന്ത്രി. ഫോക്‌ലോർ അക്കാദമി വഴിയായിരിക്കും സ്മാരകത്തിന്റെ നിർമ്മാണമെന്നും മുഖ്യമന്ത്രി അറിയിച്ചു.

✪✪✪

ഓപ്പറേഷൻ സിന്ദൂറിൽ പങ്കെടുത്ത സൈനികർക്കും പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും അഭിവാദ്യമർപ്പിച്ച് ത്രിവർണ്ണ സ്വാഭിമാനയാത്ര നാളെ വൈകീട്ട് കോഴിക്കോട്ട് നടത്തും. കിഡ്സൺ കോർണർ മുതൽ പുതിയ ബസ് സ്റ്റാൻഡ് വരെയാണ് യാത്ര.

കണ്ണൂരിലും പൂർവ്വസൈനികരുടെ നേതൃത്വത്തിൽ നാളെ ത്രിവർണ്ണ സ്വാഭിമാന യാത്ര സംഘടിപ്പിക്കും. വൈകിട്ട് കണ്ണൂർ പ്രഭാത് ജംഗ്ഷനിലെ വിളക്കുംതറയിൽ നിന്ന് ആരംഭിക്കുന്ന യാത്ര ഹെഡ് പോസ്റ്റ് ഓഫീസിനടുത്ത് യുദ്ധ സ്മാരകത്തിൽ സമാപിക്കും.

✪✪✪

ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിന്ന് ഓൺലൈനായി മാറ്റിയ തുക ബന്ധപ്പെട്ട അക്കൗണ്ടുകളിൽ എത്താത്തത് സാങ്കേതിക തകരാർ മൂലമാണെന്ന് റിസർവ് ബാങ്ക് അറിയിച്ചതായി മന്ത്രി KN ബാലഗോപാൽ അറിയിച്ചു. ഇടപാടിന് ഉപയോഗിക്കുന്ന ഇ-കുബേർ സംവിധാനത്തിലെ സുരക്ഷാ പ്രശ്നങ്ങളാണ് ഇതിന് കാരണമായത്. പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ നടപടിയെടുത്ത് വരുന്നതായി RBI അറിയിച്ചു.

✪✪✪

തിരുവല്ല- പുളിക്കീഴിൽ ബിവറേജസ് സംഭരണ ശാലയിലെ തീപിടുത്തത്തെ കുറിച്ച് സമഗ്രാന്വേഷണം നടത്തുമെന്ന് മന്ത്രി MB രാജേഷ് അറിയിച്ചു. തീപിടുത്തമുണ്ടായ സ്ഥലം നേരിൽ കണ്ട ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. നടപടിക്രമങ്ങൾ പൂർത്തിയാക്കി സംഭരണശാലയുടെ പ്രവർത്തനം ഉടൻ പുനഃരാരംഭിക്കു മെന്നും മന്ത്രി അറിയിച്ചു.

✪✪✪

മുസ്ലിംലീഗ് ദേശീയ കൗൺസിൽ യോഗം ഇന്ന് ചെന്നൈയിൽ ചേരും. രാവിലെ പത്തരക്ക് ദേശീയ പൊളിറ്റിക്കൽ അഫയേഴ്സ് കമ്മിറ്റി ചെയർമാൻ പാണക്കാട് സയ്യിദ് സാദിഖലി ശിഹാബ് തങ്ങൾ യോഗം ഉദ്ഘാടനം ചെയ്യും. ദേശീയ-അന്തർദേശീയ രാഷ്ട്രീയ പ്രമേയങ്ങൾ കൗൺസിൽ ചർച്ച ചെയ്യും.

✪✪✪

കണ്ണൂർ മലപ്പട്ടത്ത് കോൺഗ്രസ് നേതാക്കളെ ആക്രമിച്ചവർക്കെതിരെ അടിയന്തര നടപടിയെടുക്കണമെന്ന് KPCC പ്രസിഡന്റ് സണ്ണി ജോസഫ് ആവശ്യപ്പെട്ടു. ഗവൺമെന്റിന്റെ ഭാഗത്ത് നിന്ന് നടപടിയുണ്ടായില്ലെങ്കിൽ നിയമ പോരാട്ടം നടത്തുമെന്നും സണ്ണി ജോസഫ് അറിയിച്ചു.

യൂത്ത് കോൺഗ്രസ് സംസ്ഥാന പ്രസിഡന്റ് രാഹുൽ മാങ്കൂട്ടത്തിൽ MLA നടത്തിയ ജനാധിപത്യ അതിജീവന പദയാത്രയ്ക്കിടെയായിരുന്നു സംഘർഷം.

✪✪✪

പാക്കിസ്ഥാൻ പതാകകളുടെയും അനുബന്ധ ഉൽപ്പന്നങ്ങളുടെയും വിൽപ്പനയുമായി ബന്ധപ്പെട്ട് ആമസോൺ ഇന്ത്യ, ഫ്ലിപ്പ് കാർട്ട്, യു-ബയ് ഇന്ത്യ, എറ്റ്സി, ഫ്ലാഗ് കമ്പനി, ഫ്ലാഗ്കോർപ്പറേഷൻ എന്നീ ഇ-കൊമേഴ്സ് സ്ഥാപനങ്ങൾക്ക് കേന്ദ്ര ഉപഭോക്തൃ സംരക്ഷണ അതോറിറ്റി നോട്ടീസ് അയച്ചു. ഇത്തരം നടപടി അനുവദിക്കില്ലെന്ന് കേന്ദ്ര മന്ത്രി പ്രൾഹാദ് ജോഷി സാമൂഹികമാധ്യമത്തിൽ കുറിച്ചു. ഇവയുടെ എല്ലാ ഉള്ളടക്കങ്ങളും ഉടൻ നീക്കം ചെയ്യാനും രാജ്യത്തെ നിയമങ്ങൾ പാലിക്കാനും ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമുകളോട് നിർദേശിച്ചതായും പ്രൾഹാദ്ജോഷി അറിയിച്ചു.

✪✪✪

ഇന്ന് ലോക കുടുംബ ദിനം. കുടുംബ ബന്ധങ്ങളുടെ ഇഴയടുപ്പം ഓർമിപ്പിക്കുന്നതിനാണ് ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ എല്ലാവർഷവും മെയ് 15ന് ലോക കുടുംബ ദിനം ആചരിക്കുന്നത്.

ഡെസ്ക് റിപ്പോർട്ട്

.........വോയ്സ്......

സുസ്ഥിര വികസനത്തിന് കുടുംബാധിഷ്ഠിത നയങ്ങൾ: സാമൂഹിക വികസനത്തിന് രണ്ടാം ലോക ഉച്ചകോടിയിലേക്ക് എന്നതാണ് ഈ വർഷത്തെ ദിനാചരണ പ്രമേയം.നവംബർ നാലു മുതൽ ആറു വരെ ദോഹയിൽ ചേരുന്ന രണ്ടാം ലോക സാമൂഹിക ഉച്ചകോടിയിൽ കുടുംബങ്ങളുടെ സംരക്ഷണവും വെല്ലുവിളി ലഘൂകരണവും സംബന്ധിച്ച ചർച്ചകൾ നടത്തും.

✪✪✪

മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിലെ വിധവാ പെൻഷൻ ഗുണഭോക്താക്കൾക്ക് വേണ്ടി നാല് കോടി ഇരുപത്തി അഞ്ച് ലക്ഷത്തി 72,800 രൂപ അധിക തുക അനുവദിച്ചതായി മന്ത്രി സജി ചെറിയാൻ തിരുവനന്തപുരത്ത് അറിയിച്ചു. 8,890 ഗുണഭോക്താക്കൾക്ക് ഇതോടെ മൂന്ന് മാസത്തെ പെൻഷൻ വിതരണം ചെയ്യാനാകും.

✪✪✪

ഖേലോ ഇന്ത്യ യൂത്ത് ഗെയിംസ് ഇന്ന് ബിഹാറിൽ സമാപിക്കും. 56 സ്വർണമുൾപ്പെടെ 149 മെഡലുമായി മഹാരാഷ്ട്രയാണ് ഒന്നാം സ്ഥാനത്ത്. 35 സ്വർണം ഉൾപ്പെടെ 107 മെഡലുമായി ഹരിയാന രണ്ടാം സ്ഥാനത്തുണ്ട്, 12 സ്വർണമുൾപ്പെടെ 25 മെഡൽ നേടിയ കേരളം എട്ടാം സ്ഥാനത്താണ്.

✪✪✪

കണ്ണൂർ പയ്യന്നൂരിൽ അഖിലേന്ത്യാ വോളിബോൾ ടൂർണ്ണമെന്റിൽ ഇന്നലെ കമ്പയിൻഡ് യൂണിവേഴ്സിറ്റി - ചെന്നൈ ഇന്റെഗ്രൽ കോച്ച് ഫാക്ടറിയെ പരാജയപ്പെടുത്തി.

ഇന്ന് വനിതാ വിഭാഗത്തിൽ സതേൺ സെൻട്രൽ റെയിൽവേ - ഇൻകം ടാക്സ് ബെംഗളൂരുമായും, പുരുഷ വിഭാഗത്തിൽ ഇന്ത്യൻ എയർ ഫോഴ്സ് - KSEBയുമായും ഏറ്റുമുട്ടും.

✪✪✪

തായ്‌ലാന്റ് ഓപ്പൺ ബാഡ്മിന്റൺ പ്രീ ക്വാർട്ടറിലെ പുരുഷ സിംഗിൾസിൽ തരുൺ മന്നേപ്പള്ളി, ഡൻമാർക്ക് താരത്തെ രാവിലെ നേരിടും. വനിതാ സിംഗിൾസിൽ മാളവിക ബെൻസോദ്, ഉന്നതി ഹൂഡ, ആകർഷി കശ്യപ് എന്നിവരും തായ് താരങ്ങളുമായി മത്സരിക്കും. വനിതാ ഡബിൾസിൽ ഗായത്രി ഗോപിചന്ദ് - ട്രീസാ ജോളി സഖ്യം ജപ്പാൻ താരങ്ങളേയും നേരിടും.

✪✪✪

യുവ തലമുറയെ ലഹരിയിൽ നിന്ന് മോചിപ്പിക്കാനും അവരെ മുന്നോട്ട് നയിക്കാനും ഏറ്റവും ഫലപ്രദമായ മാർഗം അവരെ കായിക രംഗത്ത് സജീവമാക്കുകയെന്നതാണെന്ന് മന്ത്രി GR അനിൽ അഭിപ്രായപ്പെട്ടു. KICK DRUGS SAY YES TO SPORTS - ലഹരി വിരുദ്ധ സന്ദേശയാത്രയുടെ തിരുവനന്തപുരം ജില്ലാതല സമാപന സമ്മേളനം സെൻട്രൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. കായിക രംഗത്ത് യുവ തലമുറ സജീവമായാൽ ലഹരി വിപത്തിൽ നിന്ന് നാടിനെ രക്ഷിക്കാനാകും എന്ന സന്ദേശമാണ് പ്രചരിപ്പിക്കേണ്ടതെന്നും മന്ത്രി പറഞ്ഞു.

✪✪✪

ആലപ്പുഴ കളർകോട് അപകടത്തിൽ മരിച്ച ആലപ്പുഴ TD മെഡിക്കൽ കോളേജിലെ രണ്ടു വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല അഞ്ചുലക്ഷം രൂപ വീതം നൽകി. കഴിഞ്ഞ ഡിസംബർ രണ്ടിനു രാത്രിയാണ് ആറ് ഒന്നാം വർഷ വിദ്യാർഥികൾ കാറും KSRTC ബസും കൂട്ടിയിടിച്ച് മരിച്ചത്.

ആൽവിൻ ജോർജ്, ആയുഷ് ഷാജി എന്നിവരുടെ അമ്മമാർ ആരോഗ്യസർവകലാശാലാ വൈസ് ചാൻസലർ ഡോ. മോഹൻ കുന്നുമ്മലിന്റെ പക്കൽനിന്ന് തുക ഏറ്റുവാങ്ങി.

✪✪✪

പട്ടിക വർഗ വികസന വകുപ്പ് രൂപീകരണത്തിന്റെ സുവർണ ജൂബിലി സ്വാഗതസംഘ രൂപീകരണം ഉച്ച കഴിഞ്ഞ് തിരുവനന്തപുരത്ത് നടത്തും. തൈക്കാട് ഗസ്റ്റ് ഹൗസിലെ യോഗം മന്ത്രി OR കേളു ഉദ്ഘാടനം ചെയ്യും. മന്ത്രിമാരും ജനപ്രതിനിധികളും മുതിർന്ന ഉദ്യോഗസ്ഥരും യോഗത്തിൽ പങ്കെടുക്കും. ഒരു വർഷം നീളുന്ന ജൂബിലി ആഘോഷങ്ങളാണ് സംഘടിപ്പിക്കുന്നത്.

✪✪✪

കോന്നി, പാടം ഫോറസ്റ്റ് സ്റ്റേഷൻ പരിധിയിൽ കാട്ടാന ഷോക്കേറ്റ് ചെരിഞ്ഞ സംഭവത്തിൽ കസ്റ്റഡിയിലെടുത്തയാളെ MLA K.U.ജനീഷ് കുമാർ ഫോറസ്റ്റ് സ്റ്റേഷനിൽ നിന്ന് മോചിപ്പിച്ച സംഭവത്തിൽ മന്ത്രി AK ശശീന്ദ്രൻ വനം വകുപ്പിന്റെ റിപ്പോർട്ട് ആവശ്യപ്പെട്ടു. ദക്ഷിണ മേഖല ചീഫ് ഫോറസ്റ്റ് കൺസവേറ്ററോടാണ് മന്ത്രി റിപ്പോർട്ട് ആവശ്യപ്പെട്ടത്.

✪✪✪

വരാൻ പോകുന്നത് UDF-ന്റെ വസന്തകാലമാണെന്ന് AICC പ്രവർത്തക സമിതിയംഗം രമേശ് ചെന്നിത്തല അഭിപ്രായപ്പെട്ടു. കേരളത്തിൽ ഇടതു മുന്നണിയെ ജനങ്ങൾ മടുത്തിരിക്കുകയാണെന്നും കോൺഗ്രസ് പുന:സംഘടന കഴിഞ്ഞതോടെ UDF ഭരണത്തിൽ തിരികെ എത്താൻ അനുയോജ്യമായെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു. കോൺഗ്രസിൽ അഭിപ്രായവ്യത്യാസമില്ലെന്നും എല്ലാവരും ഒറ്റക്കെട്ടാണെന്നും ചെന്നിത്തല പറഞ്ഞു.

✪✪✪

കേരളത്തിലെ 55 റോഡ് മേൽപ്പാലങ്ങളുടെ നിർമ്മാണ ചെലവ് പൂർണമായി ഏറ്റെടുക്കാൻ ദക്ഷിണ റെയിൽവേ തീരുമാനിച്ചു. ചെലവിന്റെ പകുതി സംസ്ഥാനം ഏറ്റെടുക്കണമെന്ന വ്യവസ്ഥ സാമ്പത്തിക പ്രശ്നത്തെ തുടർന്ന് പാലിക്കാൻ സംസ്ഥാന ഗവൺമെന്റിന് കഴിയാത്ത സാഹചര്യത്തിലാണ് നടപടിയെന്ന് റെയിൽവേ അറിയിച്ചു.

✪✪✪

പ്രമുഖ ചരിത്രകാരൻ MGS നാരായണന്റെ ചരിത്ര പഠനരംഗത്തെ സംഭാവനകളും സാമൂഹ്യ ഇടപെടലുകളും ആസ്പദമാക്കി കേരള ചരിത്ര ഗവേഷണ കൗൺസിൽ കോഴിക്കോട്ട് ഇന്ന് സെമിനാർ സംഘടിപ്പിക്കും. 'MGS നാരായണൻ റീതിങ്കിങ് കേരളാസ് പാസ്റ്റ്, റിമെയ്നിങ് ഹിസ്റ്ററി' എന്ന പേരിലാണ് അളകാപുരി ജൂബിലി ഹാളിൽ സെമിനാർ നടത്തുന്നത്.

✪✪✪

ശബരിമലയിൽ ഇടവ മാസ പൂജകൾക്ക് പുലർച്ചെ തുടക്കമായി. പൂജകൾ പൂർത്തിയാക്കി 19ന് രാത്രി പത്തിന് നടയടക്കും. രാഷ്ട്രപതിയുടെ സന്ദർശനം റദ്ദാക്കിയതോടെ വെർച്വൽ ക്യൂവിന് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണം ഒഴിവാക്കിയിട്ടുണ്ട്.

✪✪✪

നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്ന് ഹജ്ജ് സർവീസ് നാളെ ആരംഭിക്കും. വൈകിട്ട് 5.55നും രാത്രി 8.20നും സർവീസുകൾ ഉണ്ടായിരിക്കും. ശനിയാഴ്ച വനിതാ തീർത്ഥാടകർക്ക് വേണ്ടിയാണ് സർവീസ്.

✪✪✪

കണ്ണൂർ  പയ്യന്നൂർ കോളേജ് സാമ്പത്തിക ശാസ്ത്ര വിഭാഗം മുൻ അധ്യാപകനും കോൺഗ്രസ് -S നേതാവുമായിരുന്ന പ്രൊഫ. TK വിഷ്ണു നമ്പൂതിരി അന്തരിച്ചു. 80 വയസ്സായിരുന്നു.

സംസ്കാരം രാവിലെ കൈതപ്രത്തെ സമുദായ ശ്മശാനത്തിൽ നടത്തും.

✪✪✪

പാലക്കാട് മണ്ണാർക്കാട് ബീവറേജസ് ഔട്ട്ലെറ്റിൽ ക്യൂ നിന്നവർ തമ്മിലുണ്ടായ തർക്കത്തിൽ കുത്തേറ്റ് ഒരാൾ മരിച്ചു. മണ്ണാർക്കാട് കുന്തിപ്പുഴ സ്വദേശി ഇർഷാദ് ആണ് മരിച്ചത്. ബിയർ കുപ്പി കൊണ്ട് കുത്തിയ ശേഷം ഓടി രക്ഷപ്പെട്ട പ്രതികൾക്കായി പൊലീസ് അന്വേഷണം ആരംഭിച്ചു.

✪✪✪

ആലപ്പുഴ ജില്ലയിൽ ഇന്നലെ 16 പേർക്ക് തെരുവ് നായ്ക്കളുടെ കടിയേറ്റു. തണ്ണീർമുക്കത്ത് എട്ട് പേർക്കും ഹരിപ്പാട് ഏവൂരിൽ മറ്റ് എട്ട് പേർക്കുമാണ് കടിയേറ്റത്. മുഖത്ത് കടിയേറ്റ രണ്ട് പേരെ വണ്ടാനം മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

✪✪✪

*News Editor:  വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*News Team: ഫസ്ന ഫാത്തിമ*
*DEO: സി കെ സുബോധ്*